# പതിനാലാം കേരളനിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *325 | 22.08.2017-ൽ മറുപടിക്ക് |
|---|---|

## സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഒ.ആർ. കേളു<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. കെ.കെ. രാമചന്ദ്രൻ നായർ | | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | സംസ്ഥാനത്ത് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സർക്കാർ ഉത്തരവ് (പി) നം. 121/2010/ആഭ്യ. തീയതി, 29/05/2010 പ്രകാരമാണ് സംസ്ഥാനത്തെ സ്കൂളുകളിൽ എസ്.പി.സി. പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ ഉത്തരവിൽ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ, ഘടന, പോലീസ് സ്റ്റുഡന്റ് ലെയ്സൺ ഓഫീസറുടെ ചുമതലകളും പ്രവർത്തനങ്ങളും, പദ്ധതി നടപ്പിലാക്കുന്നതിന് സ്കൂളുകളെ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സ്കൂളുകളിൽ കേഡറ്റുകളെ തിരഞ്ഞെടുക്കുന്നതിന് വേണ്ടിയുള്ള യോഗ്യതകൾ, കേഡറ്റുകളുടെ യൂണിഫോം, ഭരണ നിർവ്വഹണം, ധനകാര്യം, കേഡറ്റുകളുടെ പരിശീലനം, വിവിധ തരം ക്യാമ്പുകൾ എന്നിവയെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. 2010-ൽ രൂപീകരിച്ച സ്റ്റേറ്റ് ലെവൽ അഡ്വൈസറി കമ്മറ്റിയും 2016-ൽ എ.ഡി.ജി.പി., ചെയർമാൻ/ചെയർപേഴ്സൺ ആയി രൂപീകരിച്ച പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റിയും ചേർന്ന് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത പദ്ധതി നൂറ് സ്കൂളുകളിൽ കൂടി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ഒരു ഏകീകൃത | (ബി) | ബഹു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ നടപ്പ് അദ്ധ്യയന വർഷം 100 സർക്കാർ സ്കൂളുകളിൽക്കൂടി പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കൂടുതൽ |

| | | | |
|---|---|---|---|
| | സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | | തീരുമാനങ്ങളെടുക്കുന്നത് സ്റ്റേറ്റ് ലെവൽ അഡ്വൈസറി കമ്മിറ്റിയുമായി കൂടിയാലോചിച്ചാണ്. |
| (സി) | നിലവിൽ എത്ര സർക്കാർ സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും എത്ര കുട്ടികൾ പദ്ധതിയിൽ അംഗമായിട്ടുണ്ടെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ പ്രസ്തുത കണക്ക് ലഭ്യമാക്കാമോ; | (സി) | സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ച് വരുന്ന 573 എസ്.പി.സി. യൂണിറ്റുകളിലായി 47784 കേഡറ്റുകൾ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നു. ഇവയിൽ 280 യൂണിറ്റുകൾ (പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന 27 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ഉൾപ്പെടെ) പ്രവർത്തിക്കുന്നത് സർക്കാർ സ്കൂളുകളിലാണ്. |
| (ഡി) | ഈ പദ്ധതി കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | കൂടുതൽ സ്കൂളുകളിൽ എസ്.പി.സി. പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ട്. |

സെക്ഷൻ ഓഫീസർ